അടിയന്തരപ്രമേയം

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന

മി.ഡെപ്യൂട്ടി സ്പീക്കർ : ധനപ്രതിസന്ധിയുടെ പേരിൽ പൊതുകമ്പോളത്തിൽ ഇടപെടാനുള്ള നടപടികൾ വേണ്ടെന്നുവച്ചും ഭക്ഷ്യസുരക്ഷാ പദ്ധതി കടലാസ്സിൽ ഒതുക്കിയും സപ്ലൈകോയുടെ ലാഭം വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ച് സർക്കാർ കമ്പോളത്തിൽ നിന്നും പിന്മാറിയതിനാലും അരിയും പലവ്യഞ്ജനങ്ങളും പച്ചക്കറികളും ഉൾപ്പെടെ സകല അവശ്യഭക്ഷ്യവസ്തുക്കൾക്കും വില കുതിച്ചുയർന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സി. ദിവാകരൻ, പി. ശ്രീരാമകൃഷ്ണൻ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും വകുപ്പുമന്ത്രി (അനൂപ് ജേക്കബ്): സർ, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

തടയുന്നതിനുവേണ്ടി വിപണിയിൽ ഇടപെട്ട് മാർക്കറ്റ് വിലയേക്കാൾ നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക എന്ന ഗവൺമെന്റിന്റെ പ്രഖ്യാപിത നയം സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ നടത്തിവരികയാണ്. അതിൽ നിന്നും പിൻവാങ്ങുന്ന യാതൊരു സാഹചര്യവും ഒരുകാരണവശാലും ഉണ്ടാകുകയില്ല. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ വിപണിവില നിയന്ത്രിക്കുന്നത് പല ഘടകങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ്. ഉപഭോക്തൃ സംസ്ഥാനത്തെ ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങളിൽ 13 ഐറ്റംസ് സബ്സിഡി ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകിവരുന്നു. ഇവിടെ ഉന്നയിച്ച ചില വിഷയങ്ങളിൽ സബ്സിഡി ഇനത്തിലുണ്ടായ വർദ്ധനവാണ് ബഹുമാനപ്പെട്ട അംഗം അടിയന്തരപ്രമേയമായി ചൂണ്ടിക്കാട്ടിയിരിക്കുന്നത്. 2007-ന് ശേഷം 2014-ലാണ് മിക്ക സാധനങ്ങൾക്കും വില റിവൈസ് ചെയ്തുകൊണ്ടുവന്നത്. ഏഴുവർഷങ്ങൾക്കുശേഷമാണ് വില റിവിഷൻ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നടപ്പിലാക്കിയത്. അനിവാര്യമായ വർദ്ധനവ് എന്ന നിലയിലാണ് അത് കൊണ്ടുവന്നത്. ആ ഒരു സന്ദർഭത്തിലും 20 ശതമാനം മുതൽ 35 ശതമാനം വരെ വിലക്കുറവ് സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ ഇപ്പോഴും

പൊതുജനങ്ങൾക്ക് എത്തിക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കൂടുതൽ ഔട്ട്ലെറ്റുകൾ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലായി തുടങ്ങിയിട്ടുണ്ട്. മാവേലി സ്റ്റോറുകൾ മാത്രം 96 എണ്ണമാണ് കഴിഞ്ഞ മൂന്നര വർഷത്തെ ഈ ഗവൺമെന്റിന്റെ കാലയളവിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടങ്ങിയത്. ഇത്തരത്തിലുള്ള ഔട്ട്ലെറ്റുകൾ ആരംഭിച്ചതും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതും കൂടുതൽ വിപണിയിലേക്ക് എത്തുവാനും കൂടുതൽ ജനങ്ങളിലേക്ക് എത്തിച്ചേരാനും വേണ്ടിയാണ്. ഭക്ഷ്യസുരക്ഷാ പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭ്യമാകുന്ന സാഹചര്യത്തിൽ തുടങ്ങുവാൻ സംസ്ഥാനം തയ്യാറാണ് എന്നറിയിച്ചിട്ടുണ്ട്. രണ്ടുകാര്യങ്ങൾക്കുകൂടി വ്യക്തത വേണമെന്നുകൂടി ആവശ്യപ്പെട്ടിട്ടുണ്ട്. നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന അലോട്ട്മെന്റിൽ കുറവ് വരരുത് എന്നൊരാവശ്യം സംസ്ഥാന ഗവൺമെന്റ് ഉന്നയിച്ചിട്ടുണ്ട്. ഒപ്പംതന്നെ ഡോർ ഡെലിവറി നടത്താനുള്ള സാമ്പത്തിക സഹായം കേന്ദ്ര ഗവൺമെന്റിൽ ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ധർമ്മ സ്ഥാപനങ്ങൾക്കുള്ള അലോട്ട്മെന്റിന്റെ കാര്യത്തിലും ഒരു വ്യക്തത ആവശ്യമാണ്. ഈ മൂന്ന് കാര്യങ്ങളാണ് കഴിഞ്ഞ ഭക്ഷ്യസുരക്ഷാ നിയമവുമായി ബന്ധപ്പെട്ടുള്ള എല്ലാ ചർച്ചകളിലും സംസ്ഥാനം ഉന്നയിച്ചിട്ടുള്ളത്.

ഈ വിഷയങ്ങൾ ഇപ്പോഴും ഉന്നയിക്കുന്നുണ്ട്. ഈ കാര്യങ്ങളിലുള്ള ക്ലാരിഫിക്കേഷൻസിന് അനുസൃതമായി ഈ നിയമം നടപ്പിലാക്കുവാൻ കേരളം തയ്യാറാണ് എന്നുള്ളത് രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ചുള്ള മറുപടി കേന്ദ്രത്തിൽ നിന്നും ഇതുവരെ ലഭ്യമായിട്ടില്ല. സാമ്പത്തിക പ്രതിസന്ധിമൂലം കമ്പോളത്തിലുള്ള ഇടപെടൽ ഗവൺമെന്റ് വേണ്ടെന്നുവച്ചു എന്ന നിലയിലുള്ള ആക്ഷേപങ്ങൾ ശരിയല്ല എന്നത് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, വീണ്ടും വിലക്കയറ്റത്തെക്കുറിച്ച് ഒരു അടിയന്തരപ്രമേയം കൊണ്ടുവരാൻ സാഹചര്യം ഉണ്ടായതിൽ എനിക്ക് അതിയായ ദുഃഖമുണ്ട്. കേരളത്തിലെ സാധാരണ ജനങ്ങളുടെ ദുരിതങ്ങൾ, ദയനീയമായ അവസ്ഥ ഇതാണ് ഈ അടിയന്തരപ്രമേയത്തിന്റെ ഉള്ളടക്കം. ഒരാൾ കമ്പോളത്തിൽ പോയാൽ ഇപ്പോൾ കേരളത്തിലെ സ്ഥിതി എന്താണ്; ഒരു ഹോട്ടലിൽ പോയാൽ എന്താണ് സ്ഥിതി; ഒരു ലിറ്റർ മണ്ണെണ്ണ വാങ്ങാൻ പോയാൽ സ്ഥിതിയെന്താണ്; ഒരു കിലോ പഞ്ചസാര വാങ്ങാൻ പോയാൽ സ്ഥിതിയെന്താണ്; നഗ്നമായ, ക്രൂരമായ കൊള്ളയടിയല്ലേ ഇവിടെ നടക്കുന്നത്; ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ

പറഞ്ഞു, ഏഴുവർഷങ്ങൾക്കുശേഷം വിലവർദ്ധനവ് നടപ്പിലാക്കി എന്നത് ഗവൺമെന്റിന്റെ തീരുമാനമാണ്. കേരളത്തിലെ ജനങ്ങൾ വിലക്കയറ്റത്തിന്റെ കെടുതികൾ അനുഭവിക്കുമ്പോൾ അവർക്ക് സഹായഹസ്തമായി എത്തുന്ന മൂന്ന് ഏജൻസികളാണ് നമുക്കുള്ളത്. അതിൽ ഏറ്റവും പ്രമുഖമായത് പൊതുവിതരണ സമ്പ്രദായമാണ്, ഭക്ഷ്യധാന്യങ്ങളാണ്, മണ്ണെണ്ണ, ഗോതമ്പ്, അരി, പഞ്ചസാര ഇവയെല്ലാം ന്യായമായ വിലയ്ക്ക് കേരളത്തിൽ വിതരണം നടന്നുകൊണ്ടിരുന്നതാണ്. റേഷൻ ആർട്ടിക്കിൾസിന് മുഴുവൻ അകാരണമായി വില രണ്ടുതരത്തിൽ വർദ്ധിപ്പിച്ചു. ആദ്യം, കേന്ദ്രഗവൺമെന്റ് തന്നെ വില വർദ്ധിപ്പിച്ചു. രണ്ടാമതായി സംസ്ഥാന ഗവൺമെന്റ് കൊടുക്കേണ്ട സബ്സിഡിയെല്ലാം നിർത്തലാക്കുന്നു. രണ്ടാമത്തെ ഏജൻസി എന്നുപറയുന്നത് സപ്ലൈകോയാണ്. ഞങ്ങൾ അടിയന്തരപ്രമേയം അല്ലെങ്കിൽ ഒരു വിഷയം ഇവിടെ അവതരിപ്പിക്കുന്നത്......., ഇത് ഇന്നത്തെ മനോരമ പത്രമാണ് (പത്രം ഉയർത്തിക്കാട്ടി) ഇന്നത്തെ പത്രത്തിൽ നിങ്ങൾ വായിച്ചു കാണുമല്ലോ; എന്തിനാണ് നമുക്ക് ഈ സപ്ലൈകോ? ഇത് രാഷ്ട്രീയക്കാരനാണോ എഴുതിയിരിക്കുന്നത്; എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പൽ പ്രൊഫസർ അരവിന്ദാക്ഷൻ.........., ഉപ്പിന്റെയും മുകളിന്റെയും മല്ലിയുടെയും ക്രമാതീതമായ വില വർദ്ധനവ്, കേരളത്തിലെ ഒരു പ്രൊഫസർ, അദ്ദേഹത്തിന്റെ

കുടുംബ ബഡ്ജറ്റുമായി യോജിക്കാൻ കഴിയുന്നില്ല, പൊരുത്തപ്പെടുന്നില്ല എന്നെഴുതിയിരിക്കുകയാണ്. അതേസമയത്ത് ഇവിടെ കൊള്ളയടിക്കുന്നതാരാണ്; ഈ കമ്പോളത്തിൽ കാശുമായി ചെന്നാൽ സാധനമില്ല. പെൻഷൻകാരുടെ ഗതിയെന്താണ്; നിങ്ങൾ അവരെ നിരായുധരാക്കിയില്ലേ; റേഷൻ കടയിൽ ഇപ്പോൾ എന്താണ് സ്ഥിതി; ഗോതമ്പ് കിട്ടുന്നുണ്ടോ; അന്വേഷിക്കാൻ ആളുണ്ടോ; പഞ്ചസാരയും മണ്ണെണ്ണയും ലഭിക്കുന്നുണ്ടോ; അഞ്ച് ലിറ്ററും രണ്ടുലിറ്ററും കൊടുത്തുകൊണ്ടിരുന്ന സ്ഥാനത്ത് അര ലിറ്റർ മണ്ണെണ്ണയാണ് ലഭിക്കുന്നത്. പാവങ്ങളിൽ പാവങ്ങളായ ആളുകളുടെ പ്രശ്നങ്ങളാണ് നിയമസഭ ചർച്ച ചെയ്യേണ്ടത്. അല്ലാതെ അബ്കാരി ലൈസൻസിന്റേതല്ല. ലൈസൻസ് ആർക്ക് കൊടുത്തു, ആരെല്ലാം കോഴ വാങ്ങി എന്നുള്ളതല്ല, ഈ രാജ്യത്തെ പട്ടിണിപ്പാവങ്ങൾ ഒരു ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവന്നാൽ എന്ത് സൗജന്യമാണ് അവർക്ക് കിട്ടുന്നത്; കഴിഞ്ഞ നാലു കൊല്ലമായി എന്താശ്വാസമാണ് അവർക്ക് കിട്ടിയത്? ഞങ്ങൾ അഞ്ചുകൊല്ലം ഒരേ വിലനിലവാരത്തിനാണ് സാധനങ്ങൾ കൊടുത്തുകൊണ്ടിരുന്നത്.

ഇത് മലയാള മനോരമ പത്രത്തിൽ 01.05.2011-ന് സപ്ലൈകോ

കൊടുത്തിരിക്കുന്ന വിലനിലവാരമാണ്. (പത്ര കട്ടിംഗ് ഉയർത്തിക്കാണിച്ചു) 2011-ൽ 12.70 രൂപയായിരുന്ന ഒരു കിലോ മട്ടയരിക്ക് നാല് വർഷത്തിനുള്ളിൽ എത്രയോ മടങ്ങ് വർദ്ധിച്ച് 38 മുതൽ 40 രൂപ വരെയായിരിക്കുകയാണ്. ചമ്പാ അരിക്ക് 16 രൂപയായിരുന്നത് 24 രൂപയായി. എല്ലാത്തിനും വില വർദ്ധിപ്പിച്ചു. പ്രൊഫസർ പറഞ്ഞിരിക്കുന്നത്, ഇതിന്റെ ഏകദേശ ആഘാതം മനസ്സിലാക്കാൻ ചില നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ കഴിഞ്ഞ നവംബർ അഞ്ചിനുണ്ടായ വിലക്കയറ്റം പരിശോധിച്ചാൽ മതിയെന്നാണ്. ചെറുപയറിന്റെ പഴയവില 55 രൂപയും പുതിയ വില 77 രൂപയുമാണ്. ഉഴുന്നിന് പഴയവില 42 രൂപയും പുതിയ വില 76 രൂപയുമാണ്. തുവരപ്പരിപ്പിന് പഴയവില 45 രൂപയും പുതിയ വില 67 രൂപയുമാണ്. അരക്കിലോ മല്ലിക്ക് പഴയവില 60 രൂപയും പുതിയവില 112 രൂപയുമാണ്. പഞ്ചസാരയ്ക്ക് പഴയവില 25 രൂപയും പുതിയവില 27.50 രൂപയുമാണ്. ശബരി വെളിച്ചെണ്ണയ്ക്ക് ഒരു ലിറ്ററിന് പഴയവില 125 രൂപയും പുതിയവില 151 രൂപയുമാണ്. വൻപയറിന് പഴയവില 39 രൂപയും പുതിയവില 49 രൂപയുമാണ്. ശരാശരി 52 രൂപ വീതം പലതിനും വില കൂട്ടിയിരിക്കുകയാണ്. ഇതിനെന്ത് ന്യായീകരണമാണ്. ത്രിവേണി സ്റ്റോറിൽ കുറച്ച് ആശ്വാസം ഉണ്ടായിരുന്നു. അതിപ്പോൾ പ്രവർത്തന രഹിതമാണ്. അവിടെ വിജിലൻസുകാർ

ഇഷ്ടംപോലെ കൈകാര്യം ചെയ്തു. സപ്ലൈകോയിൽ മന്ത്രിയോ മന്ത്രിയുടെ വകുപ്പോ അറിയാതെ വിജിലൻസുകാർ റെയ്ഡ് നടത്തി. കന്നുകാലികൾക്ക് കൊടുക്കുന്ന സാധനമാണ് അവിടുള്ളതെന്നാണ് വിജിലൻസുകാർ പറഞ്ഞത്. കേസെടുത്തതായി പത്രങ്ങളിലെല്ലാം വാർത്ത വന്നു. ഡി.എസ്.ഒ.യുടെ നിയമനത്തിലും കൺസ്യൂമർ ഫോറത്തിലെ മെമ്പറുടെ നിയമനത്തിലും തുടങ്ങി അഴിമതിയുടെ കൂത്തരങ്ങാണ് അവിടെ നടക്കുന്നതെന്നും അവിടെ നടക്കുന്ന ഞെട്ടിപ്പിക്കുന്ന അഴിമതികളും അവിടം അഴിമതിയുടെ കേന്ദ്രമാണെന്നും പറയുന്നത് ഈ ഗവൺമെന്റിനെ പിന്തുണയ്ക്കുന്ന പത്രങ്ങളാണ്. സി.ബി.ഐ.യുടെ പ്രതിപ്പട്ടികയിലുള്ളവർ ഇപ്പോൾ സപ്ലൈകോയുടെ ഹെഡ്ഓഫീസിൽ വർക്ക് ചെയ്യുകയാണ്. എന്റെ ഭരണ കാലത്ത് ടെർമിനേറ്റ് ചെയ്ത ഒരാളെ തിരിച്ചെടുത്തു, ഞെട്ടിപ്പിക്കുന്ന കാര്യമല്ലേ. ഏത് ഗവൺമെന്റായാലും അഴിമതിയാരോപണത്തിൽ പുറത്തുപോകുന്നവരെ എന്തടിസ്ഥാനത്തിലാണ് സർവ്വീസിൽ തിരിച്ചെടുക്കുന്നത്; ബ്ലാക്ക് ലിസ്റ്റിലുള്ളവരെല്ലാം ഇ-ടെണ്ടറിലൂടെ വീണ്ടും അകത്ത് കയറിയിരിക്കുകയാണ്. പുതിയ മെത്തേഡാണ് നടപ്പിലാക്കുന്നത്. ഇത് ഗവൺമെന്റ് അറിഞ്ഞുകൊണ്ടാണോ; അറിയാതെയാണോ; എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത്; നിങ്ങൾക്കെല്ലാവർക്കും ഇത് അറിയില്ലേ. നിങ്ങളെല്ലാം ഈ രാജ്യത്ത് കുടുംബവും സമൂഹവും ജനങ്ങളുമായി ബന്ധമുള്ളവരല്ലേ; നിങ്ങൾക്കെല്ലാം

അറിയാവുന്നതല്ലേ; എന്ത് നടപടിയാണെടുത്തതെന്ന് ഈ പത്രം വായിച്ചിട്ട് ജനങ്ങൾ നിങ്ങളോട് ചോദിക്കുന്നില്ലേ; ഈ കേരളത്തിലെ ജനങ്ങൾ എങ്ങോട്ടാണ് പോകേണ്ടത്; മണ്ണെണ്ണ കൊടുക്കില്ല. എല്ലാവർക്കും ഇഷ്ടംപോലെ മണ്ണെണ്ണ കൊടുക്കുകയാണെന്ന് ഫിഷറീസ് വകുപ്പുമന്ത്രി ഇവിടെയൊരു പ്രഖ്യാപനം നടത്തുകയുണ്ടായി. മണ്ണെണ്ണ കൊടുക്കുന്നില്ല. തീരദേശത്തെ പാവപ്പെട്ട മത്സ്യത്തൊഴിലാളിക്ക് മത്സ്യബന്ധനത്തിന് പോകാൻ കഴിയുന്നില്ല. പാവപ്പെട്ട ആളുകൾക്ക് ഒരു സ്റ്റൗ കത്തിച്ച് ഒരു ചായ ഇടാൻ മണ്ണെണ്ണ ഇല്ല. പണ്ട് പാചകത്തിനുവേണ്ടിയും വിളക്ക് കത്തിക്കുന്നതിനും മണ്ണെണ്ണ കൊടുത്തുകൊണ്ടിരുന്നതാണ്. അതെല്ലാം കേന്ദ്രം അവസാനിപ്പിച്ചു. കേന്ദ്രത്തോട് വിലപേശാൻ...... അവർ ഒരു പുതിയ നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് സമയമില്ലാത്തതിനാൽ ഞാൻ പറയുന്നില്ല. പുതിയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതോടുകൂടി കേരളത്തിൽ നിരവധി വർഷങ്ങളായി നടക്കുന്ന പൊതു വിതരണ സമ്പ്രദായം അവസാനിക്കും. കാരണം, ക്യാഷ് പേമെന്റാണ്. ഫുഡ് ഗ്രെയ്ൻസിന് ഗ്യാരണ്ടിയില്ല. ക്യാഷ് പേമെന്റ് നടത്തേണ്ടത് സ്റ്റേറ്റാണ്. സ്റ്റേറ്റിന് പിന്നീട് എന്നെങ്കിലും റീ-ഇംബേഴ്സ്മെന്റ് നടത്തും. ഇന്ന് റേഷൻ കാർഡുള്ളവൻ കമ്പോളത്തിൽ പോയി കമ്പോള വിലയ്ക്ക് സാധനം വാങ്ങി സബ്സിഡി വാങ്ങാൻ

ബാങ്കിൽ പോകണം. അതിന് ബാങ്ക് അക്കൗണ്ടും പാസ്സ്ബുക്കും ആധാർ കാർഡും വേണം. എന്തിനാണ് ആളുകളെ ഇങ്ങനെ....... ആ നിയമം കേരളത്തിൽ ആവശ്യമില്ലെന്ന് ഒരിക്കൽ ഗവൺമെന്റ് അറിയിച്ചതാണ്. ആ നിയമം കേരളത്തിലെ പൊതുവിതരണ സമ്പ്രദായം തകർക്കാൻ വേണ്ടിയുള്ളതാണ്. വിലക്കയറ്റം ഉണ്ടാവില്ലെന്ന് ഞാൻ പറയുന്നില്ല. വിലക്കയറ്റം ഉണ്ടാകും. വിലക്കയറ്റം കഴിഞ്ഞകാലത്തും ഉണ്ടായി. വിലക്കയറ്റം ഉണ്ടായാൽ കമ്പോളത്തിൽ ഇടപെടണം. ഉത്പാദനകേന്ദ്രങ്ങളിൽ നേരത്തെ ആളുകളെ അയച്ച് സംഭരണം നടത്തി ഗോഡൗണിൽ സ്റ്റോക്ക് ചെയ്യണം. അതിന് ഉദ്യോഗസ്ഥന്മാർ വേണം. അതിനെ കള്ളക്കച്ചവടക്കാരുടെയും കരിഞ്ചന്തക്കാരുടെയും കൊള്ളക്കാരുടെയും പൂഴ്ത്തിവയ്പ്പുകാരുടെയും കൈകളിലേയ്ക്ക്...... ഇങ്ങനെ ഒരു നിയമമുണ്ട്, ഈ നിയമത്തിൽ പറയുന്നത്, അനാവശ്യമായ ഫുഡ് ഗ്രെയ്ൻ സ്റ്റോക്ക് ചെയ്താൽ പിടിച്ചെടുക്കാം. ഒരു കൊല്ലം മുതൽ മൂന്ന് കൊല്ലം വരെ ശിക്ഷിക്കാം. ലൈസൻസ് ഇല്ലാത്ത ഗോഡൗണിൽ സാധനങ്ങൾ സൂക്ഷിച്ചാൽ കോൺസിഫിക്കേറ്റ് ചെയ്യുകയും അത് പൊതു വിതരണ സമ്പ്രദായത്തിൽ വിതരണം ചെയ്യുകയും ചെയ്യാം. എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിൽ ഏതെങ്കിലും ഒരു നിയമം നടപ്പിലാക്കിയിട്ടുണ്ടോ; എങ്ങനെയാണ് ഇത് കൺട്രോൾ ചെയ്യുന്നത്; കേരളം

ഇപ്പോൾ ഭരിക്കുന്നത് മാഫിയകളാണ്. അവർ പൊതു വിതരണ സമ്പ്രദായം മുഴുവൻ കയ്യടക്കിയിരിക്കുകയാണ്. കുടിവെള്ളത്തിനുൾപ്പടെ എന്തൊക്കെ നികുതികളാണ്. കുടിക്കാൻ വെള്ളമില്ല. ആളുകൾ എങ്ങനെയാണ് ജീവിക്കുന്നത്; മൂന്ന് തവണ ബസ്സിൽ കയറാൻ നിവർത്തിയില്ല. ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെയിരുപ്പുണ്ട്. അദ്ദേഹത്തെ തൊട്ടാൽ കറന്റടിക്കും. കാരണം സർച്ചാർജ്ജ് കൂടി കയറ്റിയിട്ടുണ്ട്. കുട്ടികൾക്ക് ഉച്ചഭക്ഷണമില്ല. കഴിഞ്ഞ വർഷത്തെ യൂണിഫോമാണ് ഇപ്പോൾ കൊടുത്തിരിക്കുന്നത്. ഈ വർഷത്തെ യൂണിഫോം അടുത്തവർഷം കൊടുക്കാമെന്നാണ് പറയുകയാണ്. അപ്പോൾ ഒരു യൂണിഫോം രണ്ട് വർഷം ഇടണം. മരുന്ന് എങ്ങനെയാണ് വാങ്ങുക. എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരം സിവിൽ സപ്ലൈസ് വകുപ്പിന് മരുന്ന് കടകൾ റെയ്ഡ് ചെയ്ത് മരുന്നുകൾ പിടിച്ചെടുക്കാം. എന്തുകൊണ്ട് പിടിച്ചെടുക്കുന്നില്ല;

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ, പതിനൊന്ന് മിനിട്ട് കഴിഞ്ഞു. ഇന്നലെ സഭ പിരിഞ്ഞത് രാത്രി ഒൻപത് മണിക്കാണ്.

<u>ശ്രീ. സി. ദിവാകരൻ:</u> ഞാൻ നിർത്തുകയാണ്. പാവങ്ങളുടെ കാര്യങ്ങളാണ്. അങ്ങ് നല്ല ജനബന്ധമുള്ള ആളല്ലേ; റേഷൻ കടകളിൽ സാധനങ്ങളില്ലെന്നും വിലക്കയറ്റമാണെന്നും അങ്ങയോടും ആളുകൾ പറയുന്നില്ലേ; പഴയ മന്ത്രിയെന്നുള്ള

നിലയിൽ കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻകാർ അങ്ങയെ കണ്ടാൽ വിടുമോ; വിലക്കയറ്റമെന്ന കേരളത്തിന്റെ നിലവിളിയാണ് കേൾക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രീ, താങ്കൾ കയ്യയച്ച് സഹായിക്കണം. നിങ്ങൾ നെല്ല് സംഭരിച്ചിട്ട് കാശ് കൊടുക്കുന്നില്ല, അവരെ പറ്റിച്ചു. സബ്സിഡിയുള്ള 13 ഐറ്റം 9 ആക്കി, ആരോട് ചോദിച്ചിട്ടാണ്; നിയമസഭയിൽ ചർച്ച ചെയ്തിട്ടാണോ; 13 ഐറ്റം ഇപ്പോഴില്ല, ഞാൻ വെല്ലുവിളിക്കുന്നു. ഒമ്പത് ഐറ്റമാക്കി നിജപ്പെടുത്തി. എല്ലാത്തിനും വില കൂട്ടി. സാധനങ്ങൾ ഒന്നുമില്ല. ധനകാര്യ വകുപ്പുമന്ത്രീ, സാമ്പത്തിക പ്രതിസന്ധിയില്ലെങ്കിൽ എന്തിനാണ് നിത്യോപയോഗ സാധനങ്ങളുടെ വിലകൂട്ടാൻ ഫിനാൻസ് വകുപ്പുകാർ ഉപദേശിച്ചത്; എന്റെ കാലത്തും എല്ലാ മാസവും വില വർദ്ധിപ്പിച്ചുകൊണ്ട് ധനകാര്യ വകുപ്പിൽ നിന്നും ശുപാർശ വരും. ഇത്തവണ ശ്രീ. അനൂപ് ജേക്കബിന്റെ മുന്നിലും വരും. കഴിഞ്ഞ മാസത്തെ വില നിലനിർത്തിയാൽ മതിയെന്ന് പറഞ്ഞ് ഞാനതിനെ വെട്ടുകയാണ് ചെയ്തിരുന്നത്. ഒരു കുഴപ്പവുമില്ല. ഞാൻ മന്ത്രിയായിരിക്കുമ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദ് എന്നെ ഒത്തിരി കൈകാര്യം ചെയ്തിട്ടുള്ളതാണ്, എനിക്ക് അത് ഓർമ്മയുണ്ട്. 17 കോടി രൂപ നഷ്ടത്തിലായിരുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷനെ 17 കോടി രൂപ ലാഭത്തിലാക്കി. പ്രതിവർഷം 75 കോടി രൂപ ടാക്സ് കൊടുത്തു. 3,000 കോടി രൂപയുടെ ടേൺ-ഓവറായി. 250

കോടി രൂപയുടെ സൗജന്യങ്ങൾ കൊടുത്തു. ജനങ്ങളുടെ വിശ്വാസം നേടിയെടുത്ത് ആ സ്ഥാപനം ഒന്നാന്തരമായി നടത്തി.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.......

ശ്രീ. സി. ദിവാകരൻ: വിലക്കയറ്റത്തിനെതിരെ പാർലമെന്റിൽ നടന്ന ചർച്ചയിൽ കോൺഗ്രസ്സിനെ പ്രതിക്കൂട്ടിലാക്കി അന്നത്തെ ബി.ജെ.പി., അന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരം പറഞ്ഞത്, വിലക്കയറ്റം തടയാൻ എന്റെ കയ്യിൽ മാന്ത്രികവടിയില്ലെന്നാണ്. വിലക്കയറ്റം തടയണമെങ്കിൽ നിങ്ങൾ കേരളത്തെ നോക്കണം, കേരളത്തിൽ എങ്ങനെയാണ് വിലക്കയറ്റം തടഞ്ഞതെന്ന്. ഇതിന് കഴിയാഞ്ഞിട്ടല്ല, സാമൂഹിക പ്രതിബദ്ധതയില്ലാഞ്ഞിട്ടും പാവപ്പെട്ടവരോട് താൽപര്യമില്ലാഞ്ഞിട്ടുമാണ്. പാവപ്പെട്ടവരോട് താൽപര്യമുള്ള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഇരിക്കുമ്പോൾ ഈ കൊള്ള കമ്പോളത്തിൽ നടക്കാൻ പാടില്ല. താങ്കൾ ഇടപെട്ട് കമ്പോളം നിയന്ത്രിക്കുകയും കരിഞ്ചന്തക്കാരെ അറസ്റ്റ് ചെയ്യുകയും ചെയ്യണം. കുറച്ചുപേരെ അറസ്റ്റ് ചെയ്താൽ കേരളത്തിലെ വിലക്കയറ്റം തീരും. എനിക്കറിയാം, എന്റെ അനുഭവമാണ്. സിവിൽ സപ്ലൈസ് എന്നത് ജനങ്ങളുടെ പ്രാണവായുവാണ്, ആഹാരമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ് .... 15 മിനിട്ടായി.

<u>ശ്രീ. സി. ദിവാകരൻ:</u> ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതിൽ ഇടപെടണം. നിങ്ങളെ അധികാരത്തിൽ കൊണ്ടുവന്നതിന് പാവപ്പെട്ടവന്റെ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരരുത്. അവരെ വെറുതെ വിട്ടേക്കണം. പണം മുഴുവൻ നിങ്ങൾ വാങ്ങുന്നുണ്ടല്ലോ, അത് ഇനിയും വാങ്ങിക്കോ. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്)</u>: സർ, ഈ ഗവൺമെന്റ് ജനങ്ങൾക്ക് സബ്സിഡിയിനത്തിൽ 13 ഐറ്റംസ് ഇപ്പോഴും കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അത് 9 ആയി കുറച്ചിട്ടില്ല. റേഷൻ വില വർദ്ധിപ്പിച്ചു എന്നും അരിയും ഗോതമ്പും മണ്ണെണ്ണയും കിട്ടാത്ത സ്ഥലമുണ്ടെന്നും അദ്ദേഹം പറഞ്ഞു. അരിയും ഗോതമ്പും മണ്ണെണ്ണയും കിട്ടാത്ത സ്ഥലമുണ്ടെങ്കിൽ അതേതാണെന്നും ഏത് റേഷൻ കടയിലാണെന്നും പറയണം. അരിയും ഗോതമ്പും മണ്ണെണ്ണയും അടക്കമുള്ള സാധനങ്ങളുടെ കൃത്യമായ നിലയിലുള്ള വിതരണം ഇന്ന് നമ്മുടെ പൊതുവിതരണ സംവിധാനം വഴി മുമ്പോട്ടുകൊടുക്കുന്നുണ്ട്. ഒരു റേഷൻ ഐറ്റംസിന്റെ വിലയും വർദ്ധിപ്പിച്ചിട്ടില്ല. ഒരു രൂപയ്ക്ക് അരി കൊടുക്കുന്ന ഒരു

പ്രവർത്തനശൈലിയാണ് ഈ ഗവൺമെന്റ് വന്നപ്പോൾ ആരംഭം കുറിച്ചത്. ഈ ഗവൺമെന്റിന്റെ ഇക്കഴിഞ്ഞ മൂന്നരവർഷത്തെ കാലയളവിനുള്ളിൽ കൂടുതൽ ആധികാരികമായി വിപണിയിൽ ഇടപെടുവാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ചെറിയൊരു ഉദാഹരണം പറഞ്ഞു കഴിഞ്ഞാൽ, 2010-11-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സപ്ലൈകോവഴി 68,247 ടൺ ഐറ്റംസാണ് സബ്സിഡിയിനത്തിൽ വിതരണം ചെയ്തത്. 2013-14 സാമ്പത്തിക വർഷത്തിൽ ഈ ഗവൺമെന്റ് മുഖാന്തിരം വിതരണം ചെയ്തത് 2,37,000 ടൺ ഭക്ഷ്യധാന്യങ്ങളാണ്. 68,247-ൽ നിന്നും 2,37,000 ടൺ ഭക്ഷ്യധാന്യങ്ങൾ സബ്സിഡി ഇനത്തിൽ ഈ ഗവൺമെന്റ് സപ്ലൈകോ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. ഒറ്റനോട്ടത്തിൽ നോക്കിക്കഴിഞ്ഞാൽ കൂടുതൽ ക്വാണ്ടിറ്റി മാർക്കറ്റിലേയ്ക്ക് എത്തിച്ചുകൊണ്ട് ജനങ്ങൾക്ക് കൂടുതൽ ആശ്വാസം പകരുന്ന സാഹചര്യമൊരുക്കാൻ ഇതുവഴി ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 311 കോടി രൂപയാണ് സബ്സിഡി ഇനത്തിൽ കോർപ്പറേഷൻ കഴിഞ്ഞ വർഷം വഹിച്ചത്. ഈ കണക്കുവച്ചുകൊണ്ടുതന്നെ ഇതിനെസംബന്ധിച്ച് ഗവൺമെന്റ് എത്രമാത്രം പ്രതിജ്ഞാബദ്ധമാണെന്നും, ബഹുമാനപ്പെട്ട അംഗത്തിന്റെതന്നെ വാക്ക് കടമെടുത്താൽ സാമൂഹ്യ പ്രതിബദ്ധതയോടെയുമാണ് പ്രവർത്തിക്കുന്നത്

എന്നതിന്റെയും ഏറ്റവും വലിയ ഉദാഹരണമാണിത്. വിൽപ്പന നടത്തിക്കൊണ്ടിരുന്ന 13 ഇനങ്ങളിൽ നാലെണ്ണം കുറച്ച് ഇപ്പോൾ 9 എണ്ണമെയുള്ളൂവെന്ന് പറയുന്നു. നാലെണ്ണം കുറച്ചത് ഏതാണെന്ന് അങ്ങ് പറയണം. ഒരെണ്ണംപോലും കുറച്ചിട്ടില്ല. 13 സബ്സിഡി സാധനങ്ങൾ ഇപ്പോഴും ഗവൺമെന്റ് വിതരണം ചെയ്യുന്നുണ്ട്.

മനോരമ പത്രത്തിൽ ഒരു പ്രൊഫസർ എഴുതിയതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. ആ പ്രൊഫസർ പറഞ്ഞ കണക്കുകൾ തെറ്റാണ്. 77 രൂപയ്ക്കാണ് ചെറുപയർ വിൽപ്പന നടത്തുന്നതെന്നാണ് പ്രൊഫസർ പറഞ്ഞിരിക്കുന്നത്. എന്നാൽ ചെറുപയർ 74 രൂപയ്ക്കാണ് വിൽപ്പന നടത്തുന്നത്. വില റിവൈസ് ചെയ്തു എന്ന് ഞാൻ സമ്മതിച്ചു. 2007-നുശേഷം 7 വർഷങ്ങൾകഴിഞ്ഞ് വില റിവൈസ് ചെയ്തു. നിങ്ങളും റിവൈസ് ചെയ്തിട്ടുണ്ട്. ആ റിവൈസ് ചെയ്ത വിലയ്ക്കു ശേഷം ഇവിടെ ഉഴുന്നിന് 76 രൂപയ്ക്കാണ് വിൽപ്പന നടത്തുതെന്ന് പറഞ്ഞു. എന്നാലിവിടെ 66 രൂപയ്ക്കാണ് ഉഴുന്ന് വിൽപ്പന നടത്തുന്നത്. അദ്ദേഹം പറഞ്ഞിരിക്കുന്നത് വെളിച്ചെണ്ണയ്ക്ക് 151 രൂപയെന്നാണ്. എന്നാൽ 139 രൂപയ്ക്കാണ് വെളിച്ചെണ്ണ വിതരണം നടത്തുന്നത്. ഫാക്ച്വലായ തെറ്റുകൾ എന്തായാലും ആ ലേഖനത്തിൽ കടന്നുകൂടിയിട്ടുണ്ട്. ഇവിടെ 20% മുതൽ 35% വരെ വിലക്കുറവിൽ തന്നെയാണ് സപ്ലൈകോ നിത്യോപയോഗ സാധനങ്ങൾ

ജനങ്ങളിലേക്കെത്തിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും 20-22%-ന്റെ റേഞ്ചിലുള്ള കുറവ് തന്നെയായിരുന്നു അവർ ഉണ്ടാക്കി വച്ചിരുന്നത്. അതിൽനിന്ന് ഞങ്ങൾ പിന്നോട്ടുപോയിട്ടില്ല. 20 മുതൽ 35% വരെ കുറവുണ്ട്. ഏറ്റവും പുതിയ വിലവിവര പട്ടികയെടുത്ത് പരിശോധിച്ചു കഴിഞ്ഞാൽ ബഹുമാനപ്പെട്ട അങ്ങേയ്ക്കുതന്നെ അക്കാര്യം ബോധ്യമാകുന്നതാണ്.

മണ്ണെണ്ണയുടെ കാര്യത്തെക്കുറിച്ച് പറഞ്ഞു. മണ്ണെണ്ണ കിട്ടാനില്ല. മത്സ്യമേഖലയിലേയ്ക്ക് കഴിഞ്ഞ കാലങ്ങളിൽ കൊടുത്തുകൊണ്ടിരുന്ന മണ്ണെണ്ണയിൽ ഒരു കുറവും വരുത്തിയിട്ടില്ല. 1982-83 കാലയളവ് മുതലാണ് റേഷൻ മണ്ണെണ്ണ ഫിഷറീസ് സെക്ടറിനായിട്ട് മാറ്റിവച്ചുകൊണ്ടിരിക്കുന്നത്. അത് അതുപോലെ ഇന്നും തുടരുന്നു. പി.ഡി.എസ്-ൽ നിന്ന് അത് കൃത്യമായ നിലയിൽ കൊടുക്കുന്നുണ്ട്. മണ്ണെണ്ണയുടെ അലോട്ട്മെന്റ് എന്തുകൊണ്ടാണ് ഇപ്പോൾ കുറഞ്ഞതെന്ന് ചോദിച്ചാൽ പണ്ട് സ്റ്റൗ കത്തിക്കാൻ മണ്ണെണ്ണ ഉപയോഗിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ എൽ.പി.ജി. കണക്ഷനുണ്ട്. വൈദ്യുതി വന്നതോടെ ഇപ്പോൾ മണ്ണെണ്ണ വിളക്കിന്റെ ആവശ്യവുമില്ല. എൽ.പി.ജി. കണക്ഷൻസ് കൂടുന്നതിനനുസൃതമായി കേന്ദ്രത്തിൽനിന്നുള്ള മണ്ണെണ്ണയുടെ വിഹിതം കുറയുന്നു. അദ്ദേഹം പറഞ്ഞതിൽത്തന്നെ അതിന്റെ ഉത്തരവുമുണ്ട്. മണ്ണെണ്ണയുടെ വിഹിതം

വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് എല്ലാ യോഗങ്ങളിലും കേരളം ആവർത്തിച്ച് ആവശ്യപ്പെടുന്നുണ്ട്. നമുക്ക് ലഭിക്കുന്ന വിഹിതം കുറയരുത്. ശക്തമായ നിലയിലുള്ള സമ്മർദ്ദം ഇക്കാര്യത്തിൽ സംസ്ഥാനം കേന്ദ്രത്തിന്റെ മുൻപിൽ കൊണ്ടുവരുന്നുണ്ട്.

അരിയുടെ വിലയെ സംബന്ധിച്ച്, നെല്ലിന്റെ താങ്ങുവില ഇപ്പോൾ 19 രൂപയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം മൂന്ന് പ്രാവശ്യം താങ്ങുവില വർദ്ധിപ്പിച്ചു. 19 രൂപയ്ക്ക് സംഭരിക്കുന്ന നെല്ല് 22 രൂപയ്ക്ക് അല്ലെങ്കിൽ 25 രൂപയ്ക്ക് അരിയായി കൊടുക്കണമെന്ന് പറഞ്ഞാൽ ഏത് മാന്ത്രികവിദ്യയിലൂടെയാണെന്ന് അദ്ദേഹം പറഞ്ഞാൽ ഞാൻ അതുപോലെ ചെയ്യാം. 19 രൂപയാണ് നെല്ലിന്റെ താങ്ങുവില. ഇങ്ങനെ സംഭരിക്കുന്ന നെല്ലിന്റെ പ്രോസ്സസിംഗും മറ്റുള്ള ചാർജ്ജുകളും കഴിഞ്ഞ് വിപണിയിലെത്തുമ്പോഴുണ്ടാകുന്ന വിലയെ നിയന്ത്രിച്ച് നിർത്തുവാൻ ഈ ഗവൺമെന്റിന്റെ കൃത്യതയോടെയുള്ള ഇടപെടലിലൂടെ കഴിയുന്നുണ്ട് എന്നാണ് എനിക്ക് പറയുവാനുള്ളത്.

പരിശോധനകളടക്കമുള്ള കാര്യങ്ങളിൽ ഒരു കുറവും വരുത്തിയിട്ടില്ല. ഇക്കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് പൊതുവായ റെയ്ഡുകളിൽ പതിമൂവായിരത്തോളം പൊതു ഇൻസ്പെക്ഷൻസ് /റെയ്ഡുകൾ നടത്തി 14 പേരെ അറസ്റ്റ് ചെയ്യുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. ഗവൺമെന്റ് വളരെ ശക്തമായ

നിലയിൽ തന്നെ പൊതുവിപണിയിൽ ഇടപെട്ട് മുന്നോട്ടു പോകുന്നു.

അദ്ദേഹം മറ്റു കുറെ കാര്യങ്ങളിലേയ്ക്കു വന്നു. സി.ബി.ഐ. കേസിൽപ്പെട്ടവർ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ട് എന്നുപറഞ്ഞു. അങ്ങനെയുണ്ടെങ്കിൽ അത് പരിശോധിക്കും. അങ്ങനെയുള്ള അറിവോ കാര്യമോ ഗവൺമെന്റിന്റെ മുൻപിൽ വന്നാൽ തീർച്ചയായിട്ടും അത് അന്വേഷിക്കും, പരിശോധിക്കും. ഡി.എസ്.ഒ.യുടെയും കൺസ്യൂമർ ഫോറം മെമ്പർമാരുടെയും... കൺസ്യൂമർ ഫോറം മെമ്പർമാരെ കഴിഞ്ഞ കാലത്ത് എങ്ങനെയാണോ നിയമിച്ചിരുന്നത് അതേ മാനദണ്ഡം തന്നെയാണ് ഈ ഗവൺമെന്റും സ്വീകരിച്ചിരിക്കുന്നത്. അതിലെ മാനദണ്ഡങ്ങൾക്ക് ഒരു വ്യത്യാസവും വരുത്തിയിട്ടില്ല.

അങ്ങയുടെ കാലത്ത് പിരിച്ചുവിട്ട ഒരാളെ തിരിച്ചെടുത്തു എന്നുള്ളത് സംബന്ധിച്ച് പറഞ്ഞു. അത് ഒരു വ്യക്തിയുടെ കാര്യമാണ്. കോടതി ആ ഉത്തരവ് ക്യാൻസൽ ചെയ്ത് പുനഃപരിശോധിക്കാൻ ആവശ്യപ്പെടുന്ന സാഹചര്യമാണുണ്ടായത്. ഈ ഗവൺമെന്റ് എടുത്ത തീരുമാനമല്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് പിരിച്ചുവിട്ട രണ്ട് ക്വാളിറ്റി മാനേജർമാരെ എൽ.ഡി.എഫ്. ഗവൺമെന്റ് തിരിച്ചെടുത്തിട്ടുണ്ട്. അദ്ദേഹം പറഞ്ഞതനുസരിച്ച് ആരെയെങ്കിലും തിരിച്ചെടുത്തിട്ടുണ്ടെങ്കിൽ ഒരാളെ മാത്രമാണ് തിരിച്ചെടുത്തിട്ടുള്ളത്. അത്

കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്ന് അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കോട്ടയം ജില്ലയിൽ നവംബർ 10-ാം തീയതി വരെയുള്ള നെല്ലിന്റെ വില പൂർണ്ണമായും കൊടുത്തു തീർത്തു. ആലപ്പുഴ ജില്ലയിൽ നവംബർ 5-ാം തീയതി വരെയും പാലക്കാട് ജില്ലയിൽ നവംബർ 7-ാം തീയതി വരെയുമുള്ള തുക പൂർണ്ണമായും കൊടുത്തു തീർത്തിട്ടുണ്ട്. നെല്ല് ഒരു പാടശേഖരത്തിലും കെട്ടിക്കിടക്കുകയില്ല. അതിന്റെ സംഭരണം കൃത്യസമയത്തുതന്നെ നടക്കുന്നുണ്ട്. 29/11 വരെ 1,28,000 ടൺ നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ചു. അതിന്റെ വിലയായി 190 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക ഉടൻതന്നെ കൊടുത്തു തീർക്കുവാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ഈ ഗവൺമെന്റിന്റെ നയത്തിൽനിന്ന്, അതായത് വിപണിയിൽ ഇടപെടുന്ന ഒരു സാഹചര്യത്തിൽനിന്ന് ഗവൺമെന്റ് പിന്നോട്ടുപോകാൻ ആഗ്രഹിക്കുന്നില്ല. സപ്ലൈകോ മുഖാന്തിരവും ഗവൺമെന്റിന്റെ വിവിധ ഏജൻസികൾ മുഖാന്തിരവും പൊതുവിതരണ ശൃംഖലകളിൽകൂടിയും ഗവൺമെന്റ് അതിന്റെ സാമൂഹിക പ്രതിബദ്ധത തീർച്ചയായിട്ടും അറിയിച്ചുകൊണ്ട് കൂടുതൽ ശക്തമായ നിലയിലുള്ള വിപണി ഇടപെടലുകളിലേയ്ക്കു പോകും. ഈ ഡിസംബർ

10-ാം തീയതി മുതൽ ക്രിസ്തുമസ് ചന്തകൾ ജില്ലാ ആസ്ഥാനങ്ങളിൽ തുടങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിട്ടില്ല എന്ന് ഞാൻ സൂചിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പ് മന്ത്രി ഇതു സംബന്ധിച്ച് പറഞ്ഞിട്ടുള്ള വസ്തുതകൾ ഒന്നും തന്നെ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല. എല്ലാ സാധനങ്ങൾക്കും വൻ വിലയാണ് വർദ്ധിച്ചിരിക്കുന്നത്. അരി വില 18 രൂപ മുതൽ 20 രൂപ വരെയായിരുന്നത് ഇപ്പോൾ 45 ഉം 50 ഉം രൂപയായി വർദ്ധിച്ചിരിക്കുകയാണ്. വെളിച്ചെണ്ണയ്ക്ക് ലിറ്ററിന് 60-65 രൂപവരെ ഉണ്ടായിരുന്നത് ഇപ്പോൾ 178 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. അതുപോലെതന്നെ പഞ്ചസാരയുടെ വില 15 രൂപയായിരുന്നത് ഇപ്പോൾ 35 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. പയറിന് 30 രൂപയായിരുന്നത് 80 രൂപയായി

വർദ്ധിച്ചു. പാളയൻതോടൻ പഴത്തിന് 15 രൂപയായിരുന്നത് 40 രൂപയായിരിക്കുകയാണ്. മത്സ്യത്തിന്റെ കാര്യമെടുത്താൽ, 10 രൂപയുണ്ടായിരുന്ന ഒരു അയലയ്ക്ക് ഇപ്പോൾ 60 രൂപയാണ് വില. പച്ചക്കറിയുടെ വിലയും വാണം പോലെ കുതിച്ചുകയറുകയാണ്. ഈ വിലക്കയറ്റം നമ്മുടെ മുഖ്യമന്ത്രിയും ഭക്ഷ്യവകുപ്പ് മന്ത്രിയുമൊന്നും അറിയുന്നില്ലേ; അതോ അവർക്ക് മറ്റ് നിലയിൽ പണംവരുന്നതുകൊണ്ട് ഇതൊന്നും കാര്യമായി പരിഗണിക്കാത്തതാണോ; നിങ്ങൾ വായു ഭക്ഷിച്ചാണോ കഴിയുന്നതെന്നും മനസ്സിലാക്കേണ്ടിയിരിക്കുകയാണ്. സപ്ലൈകോയുടെ കാര്യം വളരെ ദയനീയമാണ്, എന്തെങ്കിലും സാധനം അവിടെ കിട്ടുന്നുണ്ടോ; കൺസ്യൂമർ ഫെഡ് പൂട്ടുന്ന സ്ഥിതിയിലായില്ലേ? ഈ തരത്തിൽ വിലക്കയറ്റം കൊണ്ട് നമ്മുടെ നാട്ടിലെ ജനങ്ങൾ വറചട്ടിയിൽ നിന്ന് എരിതീയിലേയ്ക്ക് എറിയപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിന് ഒരു പരിഹാരവും കാണാൻ നിങ്ങൾക്ക് കഴിയുന്നില്ല. നാട്ടിലെ ജനങ്ങൾക്കുണ്ടാകുന്ന വിഷമതകൾ ഓരോ കോൺസ്റ്റിറ്റ്യുവൻസിയിലും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ നേരിട്ട് മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിനൊന്നും പരിഹാരമുണ്ടാക്കാൻ

നിങ്ങൾക്ക് കഴിയുന്നില്ല. എത്ര വലിയ വില വർദ്ധനവുണ്ടായാലും അതെല്ലാം നിസ്സാരമായി കരുതാൻതക്കവണ്ണമുള്ള വൻ വരുമാനം നിങ്ങൾക്ക് മറ്റു നിലയിൽ ലഭിക്കുന്നുണ്ട്. പക്ഷെ, കേരളത്തിലെ ജനങ്ങൾക്ക് ഈ വിലക്കയറ്റം ആ തരത്തിൽ നേരിടാൻ കഴിയുന്നതല്ല. അതുകൊണ്ട് നിങ്ങളുടെ ഈ ദുരുപദിഷ്ടിതമായ സമീപനത്തെ അതി ശക്തിയായി ജനങ്ങൾ എതിർക്കുകയാണ്. ജനങ്ങളുടെ ശക്തമായ എതിർപ്പിന്റെ പ്രതിഫലനം ഈ സഭയിൽ അറിയിക്കേണ്ടത് ജനപ്രതിനിധികൾ എന്നുള്ള നിലയിൽ ഞങ്ങളുടെ ചുമതലയാണ്. എത്ര പറഞ്ഞാലും അതിനെ അനുകൂലിച്ച് മിണ്ടാതിരിക്കുന്ന ഒരു നിർഭാഗ്യവാനായ സ്പീക്കറാണ് ഇപ്പോൾ നമുക്കുള്ളത്. ഭരണകക്ഷിയെ ഏതെല്ലാം തരത്തിൽ സഹായിക്കാൻ കഴിയുമോ അതിനെല്ലാം സഹായകമായ നിലപാട് അദ്ദേഹം എടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ കിട്ടുന്നില്ല, അവർ പട്ടിണിയിലാണ്. അത്തരം കാര്യങ്ങൾ ജനപ്രതിനിധികളായ ഞങ്ങൾ ഈ സഭയിൽ ഉന്നയിച്ച് അതിന് പരിഹാരം കാണണമെന്ന് പറയുമ്പോൾ അതെല്ലാം നിങ്ങൾ അവഗണിക്കുകയാണ്. ആശാ

വർക്കർമാരുടെ സ്ഥിതിയെന്താണ്; ശമ്പളം പറ്റി കഴിയുന്ന ആളുകൾക്ക് ഇവിടെ ജീവിക്കാൻ കഴിയുന്നുണ്ടോ? അങ്ങനെയുള്ള സ്ഥിതിയുണ്ടാക്കിയ നിങ്ങളുടെ ഈ ദുർനയത്തെ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയിലെ അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്ത് പോയി)

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വിലക്കയറ്റത്തിനാധാരമായ വിഷയങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത് സർക്കാരാണ് എന്നതിന് യാതൊരു സംശയവുമില്ല. സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള മേഖലകളിലെല്ലാം നിരക്ക് വർദ്ധിപ്പിക്കാനും അതുവഴി എല്ലാ സാധനങ്ങളുടെയും വിലയും ജീവിതഭാരവും വർദ്ധിപ്പിക്കാനുമുള്ള സാഹചര്യം സർക്കാരുണ്ടാക്കുകയാണ്. വൈദ്യുതി ചാർജ്ജ്, വെള്ളക്കരം തുടങ്ങി സർക്കാർ നിയന്ത്രണത്തിലുള്ള മേഖലകളിലെല്ലാം ചാർജ്ജ്

വർദ്ധനവുണ്ടായതുവഴി ജീവിത ഭാരം വർദ്ധിച്ചുകൊണ്ടിരിക്കുക യാണ്. അതിന്റെ ഭാഗമായിത്തന്നെയാണ് പൊതുവായ വില വർദ്ധനവിനെയും കാണാൻ കഴിയുന്നത്. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളുടെ ഭാഗമായി ചരക്കുകടത്തുകൂലി വർദ്ധിക്കുമ്പോൾ സ്വാഭാവികമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ജീവിതത്തെയും അത് സാരമായി ബാധിക്കുന്നു. ചരക്ക് കടത്ത് കൂലി വർദ്ധിക്കുന്നതോടൊപ്പംതന്നെ നമ്മുടെ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്ന നിരുത്തരവാദപരമായ സമീപനത്തിന്റെ ഭാഗമായി മറ്റൊരു തരത്തിൽ വില വർദ്ധനവുണ്ടാകുന്നു. ഇവിടെ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി പറയുന്നത് പൊതു മാർക്കറ്റിലേതിനേക്കാൾ കുറഞ്ഞ വിലയക്ക് സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വിതരണം ചെയ്യുന്നുണ്ടെന്നാണ്. എന്നാൽ പൊതു മാർക്കറ്റിലുണ്ടായ വില വർദ്ധനവിനെ തടയാനുള്ള ഇടപെടൽ നടത്തുന്നതിൽ സിവിൽ സപ്ലൈസ് കോർപറേഷനും ബന്ധപ്പെട്ട വകുപ്പും പരാജയപ്പെടുന്നുവെന്നത് നഗ്നമായ യാഥാർത്ഥ്യമാണ്. ഇവിടെ പ്രധാനമായ ആവശ്യം പെതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുകയും പൊതുവിതരണ രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവരെ നിയന്ത്രിക്കുയും ചെയ്യുകയെന്നതാണ്. അതുപോലെതന്നെ പൊതു

മാർക്കറ്റിലെ വിലക്കയറ്റത്തെ തടഞ്ഞ് നിർത്താൻ ആവശ്യമായ ഇടപെടൽ നടത്തുകയും വേണം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുന്നത് മാർക്കറ്റിൽ എത്ര വിലക്കയറ്റമുണ്ടായാലും കുഴപ്പമില്ലെന്നാണ്. ഒരർത്ഥത്തിൽ, സർക്കാരിന്റെ മൗനാനുവാദത്തോടുകൂടിയാണ് നമ്മുടെ പൊതുമാർക്കറ്റിലെ വിലക്കയറ്റം എന്നുവേണം കരുതുവാൻ. മാർക്കറ്റിൽ ഓരോ സാധനത്തിനും വൻ വിലയാണ് എന്നുള്ള കാര്യത്തിൽ സർക്കാരിന് ഒരു തർക്കവുമില്ല. വില നിയന്ത്രിക്കുവാൻ ആവശ്യമായ ഇടപെടൽ നടത്തേണ്ട ഗവൺമെന്റ് മാർക്കറ്റ് വില എത്ര വർദ്ധിച്ചാലും അതിന്റെ 20 ശതമാനം കുറച്ചുകൊടുക്കുമെന്ന് മാത്രമാണ് പറയുന്നത്. നേരെ മറിച്ച്, നിശ്ചിതമായ വിലയ്ക്ക് സാധനങ്ങൾ കൊടുത്തുകൊണ്ട് വിലനിയന്ത്രണം നടപ്പാക്കുകയായിരുന്നു കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്തത്. ബഹുമാനപ്പെട്ട വകുപ്പ് മന്ത്രി ഇപ്പോൾ പറയുന്നത് ഏഴ് വർഷത്തിനു ശേഷമാണ് വില വർദ്ധിപ്പിച്ചതെന്നാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ സാധനങ്ങൾക്ക് 50 ശതമാനം മുതൽ 100 ശതമാനം വരെ വില വർദ്ധിപ്പിച്ചത് അടുത്ത ദിവസങ്ങളിലാണ്. ഒരു തവണയല്ല, രണ്ട് തവണ ആവർത്തിച്ച് വില

വർദ്ധനവുണ്ടായി. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാകുന്ന സാധനങ്ങളുടെ വില വർദ്ധിപ്പിക്കാനുള്ള നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. ഇതിനെതിരെ വൻതോതിലുള്ള പ്രക്ഷോഭം നാട്ടിൽ ഉയർന്നുവന്നുവെങ്കിലും ഇക്കാര്യത്തിൽ എതെങ്കിലും തരത്തിൽ ഇടപെടാനോ വില നിന്ത്രിക്കാനോ വർദ്ധിപ്പിച്ച വിലയിൽ കുറവു വരുത്താനോ ഗവൺമെന്റ് തയ്യാറായിട്ടില്ല. സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനേയും ബന്ധപ്പെട്ട വകുപ്പിനെയും ധനകാര്യവകുപ്പ് സഹായിക്കുന്നില്ലെന്നുള്ളത് നേരാണ്. എന്നിരുന്നാലും വിലക്കയറ്റം ക്രമാതീതമാകുമ്പോൾ ജനങ്ങളിൽ നിന്നുള്ള രോഷവും പ്രതിഷേധവും വർദ്ധിച്ചുവരുന്നുവെന്ന യാഥാർത്ഥ്യം അംഗീകരിച്ചേ മതിയാകൂ. സഭയിൽ ഈ വിഷയം ചർച്ചചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റിന്റെ നിരുത്തരവാദപരമായ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോക്ക് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഇ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്ത് പോയി)

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, കഴിഞ്ഞ സമ്മേളനത്തിൽ വിലക്കയറ്റത്തിനെതിരെയുള്ള അടിയന്തര പ്രമേയം ഞങ്ങൾ അവതരിപ്പിച്ചപ്പോൾ കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, പ്രതിപക്ഷം ഇപ്പോഴെങ്കിലും ജനങ്ങളുമായി ബന്ധപ്പെടുന്ന ഒരു പ്രശ്നം സഭയിൽ അവതരിപ്പിച്ചല്ലോ എന്നാണ്. പക്ഷേ ദൗർഭാഗ്യവശാൽ ഇന്നലെ തുടർന്ന അതേ മൗനംതന്നെ മുഖ്യമന്ത്രി ഇന്നും തുടരുകയാണ്. ഇന്നലെ അദ്ദേഹം മൗനിയായിരുന്നതിന് രാഷ്ട്രീയ കാരണങ്ങളുണ്ട്. ഇന്ന് ജനങ്ങളുമായി ബന്ധപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം വന്നപ്പോൾ, സാധാരണ അടിയന്തര പ്രമേയങ്ങളിൽ ഇടപെട്ട് ഗവൺമെന്റിനുവേണ്ടി സംസാരിക്കുമായിരുന്ന മുഖ്യമന്ത്രി ഇന്ന് മിണ്ടിയിട്ടില്ല. ജനങ്ങളുടെ ജീവിതവുമായി നേരിട്ട് ബന്ധപ്പെടുന്ന ഈ പ്രശ്നത്തിൽ സർക്കാർ ഒന്നും ചെയ്യാൻ പോകുന്നില്ലായെന്ന നിസ്സംഗതയാണ് സർക്കാരിനുവേണ്ടി മുഖ്യമന്ത്രി ഇവിടെ പ്രകടിപ്പിച്ചിരിക്കുന്നത്. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിനും ഡീസലിനും പെട്രോളിനും വില കുറയുമ്പോൾ അതിന്റെ ആത്യന്തികമായ പ്രയോജനം ഉപഭോക്താവിന് കിട്ടാതെ വരുന്നത് സർക്കാരിന്റെ പിടിപ്പുകേടുകൊണ്ടാണ്. പൊതുവിപണിയിൽ ഇടപെടാൻ ധനകാര്യ വകുപ്പുമന്ത്രി പണം തരാത്ത

അവസ്ഥയുണ്ടോയെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറയണം. കെ.എസ്.ആർ.ടി.സി. യിൽ പെൻഷൻ കൊടുക്കുന്നില്ല. എന്നുമാത്രമല്ല, പെൻഷൻ എന്നുകൊടുക്കുമെന്ന ചോദ്യത്തിന് ഉത്തരവുമില്ല. അതാണ് അവിടുത്തെ സ്ഥിതി. സംസ്ഥാന സർക്കാർ മതിയായ പണം നീക്കിവയ്ക്കാത്തതുകൊണ്ടാണോ പൊതുവിപണിയിൽ ഇടപെടാത്തത്; പൊതുവിപണിയിലെ ഇടപെടൽ സംബന്ധിച്ച് കഴിഞ്ഞ നാളുകളുമായി താരതമ്യപ്പെടുത്തി എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി കണക്ക് പറയാത്തത്? ടേൺ ഓവറിന്റെ കണക്ക് മാത്രം പറഞ്ഞാൽ പോരാ, കഴിഞ്ഞ വർഷങ്ങളിൽ സപ്ലൈകോയും മാവേലി സ്റ്റോറുമടക്കമുള്ള പൊതുവിതരണസമ്പ്രദായം വഴി പൊതുവിപണിയിൽ ഓരോ ഇനവും ഇത്ര കിലോവീതം വില കുറച്ചുകൊടുത്തു, അതിന്റെ അളവ് ഈ വർഷം എത്ര വീതം വർദ്ധിപ്പിച്ചു എന്നുള്ള കണക്ക് ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ സഭയിൽ വയ്ക്കാൻ കഴിയുമോ? ഇതിലൂടെ വളരെ വ്യക്തമായി മനസ്സിലാകുന്നത് പൊതുവിപണിയിൽ ക്വാണ്ടിറ്റിവൈസ് ഇടപെടൽ കുറഞ്ഞുകുറഞ്ഞുവരുന്നു എന്നാണ്. സപ്ലൈകോയിൽ ഇപ്പോൾ സാധനങ്ങളില്ല, സാധനങ്ങളുണ്ടായിട്ട് കാര്യവുമില്ല. കാരണം, പുറത്തുള്ള വിലയേക്കാൾ കൂടിയ വിലയ്ക്കാണ് സപ്ലൈകോയിൽ സാധനങ്ങൾ കൊടുക്കുന്നത്. പിന്നെയെന്തിനാണ് സർക്കാർ സംവിധാനം പൊതുവിപണിയിൽ ഇടപെടുന്നത്?

അങ്ങാടിയിൽ കിട്ടുന്ന വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ കൊടുത്തുകൊണ്ട് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തേണ്ടുന്ന പൊതുവിതരണ സമ്പ്രദായത്തിൽ വിപണി വിലയേക്കാൾ ഉയർന്ന വിലയാണെങ്കിൽ മാർക്കറ്റിൽ ഇടപെടാൻ കഴിയുമോ? വില നിയന്ത്രിച്ച് നിർത്താനുള്ള സർക്കാർ സംവിധാനം ഇവിടെ പരാജയപ്പെട്ടിരിക്കുകയാണ്. ജനങ്ങളുടെ ജീവിതത്തെയാണ് ഗവൺമെന്റ് പന്താടുന്നത്. സാധാരണജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഗവൺമെന്റിന് യാതൊരു താൽപ്പര്യവുമില്ല. കുറഞ്ഞപക്ഷം ഈ നിയമസഭയിൽ ഈ വിഷയം ചർച്ച ചെയ്യാനുള്ള മനസ്സെങ്കിലും കാണിക്കണമായിരുന്നു. ജനങ്ങളുടെ പ്രശ്നങ്ങളോട് നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്ന സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കേരളത്തിലെ ജനങ്ങൾ വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുമ്പോൾ ആ പ്രശ്നം നിയമസഭ ചർച്ച ചെയ്യണമെന്നത് ജനകീയ

ആവശ്യമാണ്. അങ്ങനെയൊരു ആവശ്യമാണ് ഈ സഭയുടെ മുമ്പാകെ ഇന്ന് പ്രതിപക്ഷം കൊണ്ടുവന്നിട്ടുള്ളത്. ആ പ്രമേയത്തോടുള്ള ഗവൺമെന്റിന്റെ സമീപനം ദൗർഭാഗ്യകരമായിപ്പോയിയെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഏഴുവർഷത്തിനുശേഷം സപ്ലൈകോ വില നിലവാരം പരിഷ്കരിച്ചുവെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രിതന്നെ ഇവിടെ പറഞ്ഞു. പരിഷ്കരിക്കേണ്ടി വന്നേക്കാം, പക്ഷേ അങ്ങനെ പരിഷ്കരിക്കുമ്പോൾ ആ വില ഒരു കാരണവശാലും മാർക്കറ്റ് വിലയേക്കാൾ കൂടാൻ പാടില്ലായെന്നൊരു നിഷ്കർഷ ഗവൺമെന്റിനുണ്ടാകേണ്ടതല്ലേ. അങ്ങനെയൊരു നിഷ്കർഷ മുന്നോട്ടുവച്ചുകൊണ്ടുള്ള പരിഷ്കരണമാണ് നടത്തിയിരുന്നതെങ്കിൽ അതിനൊരു സാധൂകരണമുണ്ടാകു മായിരുന്നു. അങ്ങനെ ചെയ്യാതെ വന്നതുകൊണ്ട് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വിലയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിൽ ഈടാക്കുന്നത്. അതിനർത്ഥം മാർക്കറ്റിൽ ഇടപെടുകയെന്ന പ്രാഥമികമായ കർത്തവ്യത്തിൽനിന്നും ഗവൺമെന്റ് സ്വമേധയാ പിന്നോട്ടുപോയിയെന്നാണ്. ജനങ്ങളെ കൊള്ളയടിക്കാൻ മാർക്കറ്റിനെ അനുവദിക്കുകയെന്ന ഹീനമായ വികാരമാണ് അതിലൂടെ പ്രകടമാകുന്നത്, ആ വികാരമാണ് ഗവൺമെന്റിനെ നയിക്കുന്നത്. ജനങ്ങളെ ആരൊക്കെ, എങ്ങനെയൊക്കെ കൊള്ളയടിച്ചാലും ഗവൺമെന്റിന് അതൊന്നും

പരിഹരിക്കാനുള്ള മനസ്സില്ലായെന്ന് മാത്രമല്ല, ജനങ്ങൾ ദുരിതം അനുഭവിക്കുമ്പോൾ വീണ വായിക്കുന്ന ഒരു മനോഭാവമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അങ്ങനെയല്ലായിരുന്നുവെങ്കിൽ മുഖ്യമന്ത്രിയെങ്കിലും ഒരു ഉന്നതതല ചർച്ചാ യോഗം വിളിച്ചുകൂട്ടി ക്രമാതീതമായ വിലക്കയറ്റം തടയാനുള്ള പരിഹാരമാർഗ്ഗങ്ങൾ ആരായുമായിരുന്നു. അതിനുപോലും മെനക്കെടാതെ ജനങ്ങളെ ഇത്രയേറെ ദുരിതത്തിലാഴ്ത്തുന്ന ഗവൺമെന്റിന്റെ നിസ്സംഗതാ മനോഭാവം അങ്ങേയറ്റം ദൗർഭാഗ്യകരമായിപ്പോയി. അത് ചർച്ച ചെയ്യാൻ തയ്യാറല്ലായെന്ന നിലപാട് അതിലേറെ കുറ്റകരമാണ്. അങ്ങനെയൊരു നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)